<u>**15 -ാം കേരള നിയമസഭ**</u>

<u>**8 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4338**</u> <u>**06-03-2023 - ൽ മറുപടിയ്ക്ക്**</u>

<u>**കെൽട്രാക്കിന്റെ പുനരുദ്ധാരണം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | അരൂർ മണ്ഡലത്തിലെ പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിന്റെ അനുബന്ധ സ്ഥാപനമായ കെൽട്രാക്കിന്റെ പുനരുദ്ധാരണത്തിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (എ) | **ട്രാവൻകൂർ - കൊച്ചിൻ ലിറ്ററി, സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് - 1955 പ്രകാരം 2002 – ൽ സ്ഥാപിതമായ ഒരു ടൂൾ റൂം ഗവേഷണ പരിശീലന സ്ഥാപന-മാണ് ആലപ്പുഴ ജില്ലയിലെ അരൂരിൽ പ്രവർത്തിക്കുന്ന കെൽട്രാക്ക്. കോവിഡിനെ തുടർന്നു വന്ന ലോക്ഡൗൺ കാലത്ത് ആറുമാസത്തിലേറെ സ്ഥാപനം അടച്ചിടേണ്ടി വന്നു. അക്കാലത്ത് സ്ഥാപനത്തിന്റെ അപേക്ഷ പരിഗണിച്ച് 2020 – 21 സാമ്പത്തിക വർഷത്തിൽ കെൽട്രോണിനായി അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് ആകെ ഒരു കോടി പത്ത് ലക്ഷം രൂപയുടെ അടിയന്തിര ധനസഹായം സർക്കാർ കെൽട്രോൺ മുഖേന കെൽട്രാക്കിന് അനുവദിക്കുകയുണ്ടായി. കെൽട്രാക്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്ഥാപനത്തിൽ ഒരു മുഴുവൻ സമയ ഡയറക്ടറെ നിയമിക്കുന്നതിനും സർക്കാർ അനുവാദം നൽകിയിരുന്നു. കെൽട്രാക്കിന്റെ പുനരുദ്ധാര-ണത്തിന് സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി സ്ഥാപനം സമർപ്പിച്ച പ്രൊപ്പോസലും, കേരളാ ബാങ്കിൽ നിന്നും 75 ലക്ഷം രൂപ ലോൺ എടുക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലും സർക്കാരിൽ പരിശോധിച്ചുവരുന്നു** |

സെക്ഷൻ ഓഫീസർ